Reg. No .................... Name .............................. **24U310**

**B.A./B.Sc. DEGREE END SEMESTER EXAMINATION - OCTOBER 2024**

**SEMESTER 3 : MALAYALAM (ADDITIONAL LANGUAGE)**

COURSE : **19U3CCMAL3A : ARANGUM PORULUM**

*(For Regular 2023 Admission and Improvement/Supplementary 2022/2021/2020/2019 Admissions)*

Time : Three Hours Max. Marks: 75

**എ വിഭാഗം**

**ഒററ വാക്കിലോ വാകൃത്തിലോ ഉത്തരമെഴുതുക.**

1. "നോവലിനെ ആധാരമാക്കി സിനിമചിത്രീകരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല .ഭക്ഷണം വീണ്ടും ചൂടാക്കുന്നത്പോലെയാണത് "– ആരുടെ വാക്കുകൾ?
2. സാക്ഷി ആരെഴുതിയ നാടകമാണ്?
3. മലയാളത്തിലെ ആദ്യത്തെ തിരക്കഥ ഏതാണ്?
4. ഉണ്ണായിവാര്യരുടെ ഏതെങ്കിലും ഒരു കൃതിയുടെ പേര് എഴുതുക.
5. കഥകളി ചടങ്ങുകൾ ക്രമത്തിൽ എഴുതുക?
6. സംസ്കൃത നാടകങ്ങളെ അറിയപ്പെടുന്ന യഥാർത്ഥ പേരെന്ത്?
7. 'ഊരാകെ നിന്റേതല്ലേ! ഊരാളരെല്ലാം നെനക്കുള്ളോരും'ആരുടെ വാക്കുകൾ?
8. 'താപസകന്യകയെ ആഗ്രഹിക്കുന്നത് അങ്ങേയ്ക്ക്നല്ലതല്ല' എന്നു പറഞ്ഞത് ആര്?
9. ആർക്കാണ് അലങ്കാര സാധനങ്ങൾ അവമാനതയാകുന്നത്?
10. "എന്റെ കൈകളാണെന്ന് തൊട്ടപ്പോ അവൾക്കു മനസിലായിക്കാണുമോ?" ആരുടെ വാക്കുകൾ?

**(1 x 10 = 10)**

**ബി വിഭാഗം**

**അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

11. "തൊട്ടാൽ തല തെറിക്കും.അതിൽ ക്രിസ്ത്യാനിയെന്നോ മുസ്ലിമെന്നോ ഒരു ഭേദം ഇല്ല" സന്ദർഭം എഴുതുക?
12. 'മനസ്സേ ബദ്ധപ്പെടേണ്ട, നീ ആലോചിക്കുന്നത് തന്നെ അനസൂയ ചോദിക്കുന്നു.'എന്ത്?
13. കൂത്തും തോൽപ്പാവക്കൂത്തും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
14. മലയാളത്തിലെ ആദ്യകാല നിശബ്ദ ചിത്രങ്ങൾ ഏവ?
15. ഉണ്ണായിവാര്യരെക്കുറിച്ച് കുറിപ്പ് എഴുതുക.
16. " ഓടീടാതെ മൃഗങ്ങൾ തേരൊലി പൊറു -<br>ത്തീടുന്നു നിശ്ശങ്കമായ്<br>പാടുണ്ടാറ്റു കരയ്ക്കു വൽക്കലജലം<br>വാർന്നിട്ടിതാ കാണ്മതും " ആശയം വ്യക്തമാക്കുക?
17. വിധേയൻ സിനിമയിലെ തൊമ്മി എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് എഴുതുക?
18. " ഒരു കല്ലുമില്ല .എല്ലാം തോന്നൽ ! കൈയിലിരുന്ന കനകം കളഞ്ഞു കുളിച്ചില്ലേ?" ആരുടെ വാക്കുകൾ? സന്ദർഭം എന്ത്?
19. അധർമ്മം ആയതൊന്നും താൻ ചെയ്യുകയില്ലെന്ന് കരിംകുട്ടി പറയാൻ ഇടയായത് എന്തുകൊണ്ട്?
20. "എരിതീയിൽപതിതനായ് വരികവഞ്ചകനവൻ "-ഭൈമി ഇപ്രകാരം ചിന്തിക്കാൻ കാരണമെന്ത്?

**(2 x 8 = 16)**

## സി വിഭാഗം

**ഒരുപുറത്തിൽ കവിയാതെ അഞ്ചുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

21. " ധൂർത്തനല്ല ദൃഢമാർത്തബന്ധുവത്രേ
മൂർത്തിയും മൊഴിയുമൊരു പോലെ " ഇപ്രകാരം ദമയന്തിക്ക് തോന്നാൻ കാരണമെന്ത്? ആരുടെ വാക്കുകളെക്കുറിച്ചാണ് ചിന്തിക്കുന്നത്?
22. രോഗമറിയാതെ ചികിത്സിക്കരുതല്ലോ" - സന്ദർഭം എഴുതുക.
23. "ഞാനു വെടിവെച്ചതാണെന്ന് അവളു അറിയാനു പാടില്ല .ആ സങ്കടത്തില് അവളു മരിക്കരുത്" സന്ദർഭം എഴുതി വിശദീകരിക്കുക?
24. "അന്തകവൈരിപാദ ചിന്തനം കുറയുകയോ ബന്ധമെന്തെനിക്കേവം സന്താപം വരുവാൻ " സന്ദർഭം വിശദീകരിക്കുക?
25. മനുഷ്യനും പ്രകൃതിയും ഒന്നാകുന്നതിന്റെ മനോഹരമായ ആവിഷ്കാരമാണ്ശാകുന്തളം നാലാംഅങ്കം വിശദീകരിക്കുക?
26. സാഹിത്യത്തിന്റെയും സിനിമയുടെയും ആസ്വാദനത്തിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
27. '' ഉണ്ണിയോളം കൂറുണ്ടെങ്കിൽ കുന്നോളം പൊന്നു കൊണ്ടുവരാം''- ആശയം എന്താണ്?

**(5 x 5 = 25)**

## ഡി വിഭാഗം

**2 ചോദ്യങ്ങൾക്ക് നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

28. 'വിമോചനത്തിന്റെ മാത്രമല്ല, അസ്വാതന്ത്ര്യത്തിന്റെ കൂടി കഥ പറയുന്നു കരിങ്കുട്ടി' ഉപന്യസിക്കുക.

**അല്ലെങ്കിൽ**

29. കാളിദാസ്നറെ അഭിജ്ഞാനശാകുന്തളവും ഏ.ആറിന്റെ മലയാളശാകുന്തളവും തമ്മിൽ മൂലകഥയിലോ രൂപഭാവങ്ങളിലോ വ്യത്യാസമുണ്ടോ? ഉദാഹരണസഹിതം വിവരിക്കുക?

30. "ഉത്തമ നായികയാണ് നളചരിതത്തിലെ ദമയന്തി". പാഠഭാഗം മുൻനിർത്തി സമർത്ഥിക്കുക?

**അല്ലെങ്കിൽ**

31. അനുരൂപണം എന്ന നിലയിൽ, 'വിധേയൻ' സിനിമയിലെ കഥാപാത്ര ചിത്രീകരീകരണത്തെക്കുറിച്ച് വിശദീകരിക്കുക?

**(12 x 2 = 24)**